No 19.

തിരുവിതാംകൂർ കൊച്ചി ഗവന്മെന്റ് പ്രസിദ്ധീകരണം

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM
3527




സോപാനം-V 3

# വീരചരിതകഥകൾ

(രണ്ടാംഭാഗം)

വില രണ്ടര അണ

വെള്ളാട്ടു കരുണാകരൻനായർ.

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS ... GYMNAS ...
3527

# പ്രസ്താവന

ഇൻഡ്യയിലെ മിക്ക ഭാഷകളിലും 'ബാലസാഹിത്യം' 'സാമാന്യവിജ്ഞാനം' ഈ വകുപ്പുകളിൽ നല്ല ഗ്രന്ഥങ്ങൾ വളരെ കുറവാണു്. രാജ്യത്തിന്റെ ശ്രേയസ്സിനെ സാരമായി ബാധിക്കുന്ന ഒരു കുറവാണു് ഇതു്. അതുകൊണ്ടു് ഇൻഡ്യയുടെ ഡെവലപ്മെന്റു് പദ്ധതിയിൽ ഈ രണ്ടു് ഇനത്തിലും ധാരാളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു് ഒരു പരിപാടി ഉൾപ്പെടുത്തിയിട്ടുണ്ടു്.

കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടു കൂടി നമ്മുടെ സംസ്ഥാന ഗവൺമെന്റു ആ പരിപാടി അനുസരിച്ചു് അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുവാനുള്ള ഒരു വൻപിച്ച ശ്രമം ആരംഭിച്ചിരിക്കയാണു്. അതിന്റെ ആദ്യത്തെ ഫലങ്ങളാണു് ഈ ഗ്രന്ഥങ്ങൾ.

പ്രൈമറിസ്കൂളിലെ മൂന്നാം ക്ലാസുമുതൽ മിഡിൽസ്കൂളിലെ മൂന്നാം ഫാറംവരെയുള്ള ആറു ക്ലാസുകളോടു ഇണങ്ങുന്ന ആറു സോപാനങ്ങളായിട്ടാണു് ബാലസാഹിത്യം ക്രമീകരിച്ചിരിക്കുന്നതു്. ഓരോ സോപാനത്തിലും വിവിധവിഷയങ്ങളെ അധികരിച്ചുള്ള അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കും.

ആദ്യത്തെ അഞ്ചു സോപാനങ്ങളിലായി ഇരുപതു 'ബാലസാഹിത്യ' ഗ്രന്ഥങ്ങളും, 'സാമാന്യ വിജ്ഞാന'

ത്തിൽപെട്ട അഞ്ചു ഗ്രന്ഥങ്ങളും ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

കാഴ്ചയിലും കാര്യത്തിലും ഈ ഗ്രന്ഥങ്ങൾ ഉത്തമങ്ങളായിരിക്കണം എന്നാണ് ഉദ്ദേശ്യം. വളരെ ദ്രുതഗതിയിൽ തയ്യാർ ചെയ്യേണ്ടിവന്നതുകൊണ്ടു് ആ ഉദ്ദേശ്യം ഈ പ്രാവശ്യം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു നിശ്ചയമില്ല. എങ്കിലും ഗ്രന്ഥകാരന്മാരിൽ മിക്കവരും പേരുകേട്ട പണ്ഡിതന്മാരും സാഹിത്യകാരന്മാരും ആയതുകൊണ്ടു് വലിയ പോരായ്മകളൊന്നും വന്നിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മലയാളക്കരയിലെ ബാലലോകവും ജനസാമാന്യവും ഈ ഗ്രന്ഥങ്ങൾ വേണ്ടതിൻവണ്ണം പ്രയോജനപ്പെടുത്തുന്നതിലേക്ക് ഗ്രന്ഥങ്ങളുടെ വില പരമാവധി കുറച്ചിരിക്കയാണ്. ഈ പ്രസിദ്ധീകരണംകൊണ്ടു ഉദ്ദേശിക്കുന്ന ലാഭം രാജ്യത്തിന് അതിൽ നിന്ന് ഉണ്ടാകാവുന്ന പ്രയോജനം മാത്രമാണ്.

തിരുവനന്തപുരം,
1954 മാർച്ച് 20.

വി. സുന്ദരരാജ് നായിഡു,
വിദ്യാഭ്യാസ ഡയറക്ടർ.

# വീരചരിതകഥകൾ

(രണ്ടാം ഭാഗം)

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P. O.
QUILON.
SPORTS CLUB & GYMNASIUM

## 1. റാണാഹമീർ.

ഇപ്പോഠം ഉദയപുരം എന്നു വിളിക്കപ്പെടുന്ന രജപുത്രരാജ്യത്തിനു് പണ്ടത്തെ പേർ മേവാർ എന്നായിരുന്നു. അതിൻെറ തലസ്ഥാന നഗരിയായിരുന്ന ചിററൂർ. ഉറപ്പിലും അന്തസ്സിലും കെട്ടപ്പെട്ട ഒരു കോട്ടയുടെ അവശിഷ്ടങ്ങഠം ഇന്നും അവിടെ കാണാം.

13-ാംന്തററാണ്ടിൽ പല വീരകൃത്യങ്ങളുടെയും സജീവരംഗമായിരുന്നു ആ കോട്ട. പരാക്രമശാലികളായ രജപുത്രരാജാക്കന്മാർ അന്നവിടെ വാണു.

ആ കാലത്തു് ദില്ലി ചക്രവത്തി ജലാ്ലുദീൻ കിൽജി ഒരു സാമ്രാജ്യം സ്ഥാപിക്കാനുള്ള ആത്തികൊണ്ടു് സ്വതന്ത്രരായ ചെറിയ രജപുത്രരാജാക്കന്മാരെ ആക്രമിച്ചുകൊണ്ടിരുന്നു. ജലാലുദീൻെറ അനന്തരാവകാശിയും മരുമകനുമായ അല്ലാവുദീൻ ദുർവൃത്തനും ദുരഹങ്കാരിയുമായിരുന്നു. റാണയായ ലക്ഷ്മണസിംഹൻ കുട്ടിയായിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ രക്ഷകത്താവായി ഭീമ

സിംഹനാണു് രാജ്യം ഭരിച്ചിരുന്നതു്. ഭീമസിംഹന്റെ ഭാൎയ്യയായ പത്മിനി ഒരു സൌന്ദൎയ്യറാണിയാണെന്നുള്ള കീൎത്തി അലാവുദീൻെറ ചെവിയിൽ എത്തി. ചിറവൂർ കോട്ട പിടിക്കുവാനും സുന്ദരിയായ പത്മിനിയെ ബലാല്ക്കാരമായി കൈക്കലാക്കുവാനും ഒരു വലിയ സൈന്യത്തോടുകൂടി അലാവുദീൻ ചിററൂരിലെത്തി. അലാവുദീൻെറ ഭടന്മാർ പല പ്രാവശ്യവും കോട്ടയിൽ കയറുവാൻ ഉത്സാഹിച്ചു. പക്ഷെ അതെല്ലാം നിഷ്ഫലമായി. പിന്നെ അലാവുദീൻ ഒരു ചതിപ്രയോഗംകൊണ്ടു് പത്മിനിയെ കൈക്കലാക്കാൻ ശ്രമിച്ചു. ആ ചതിക്കു പകരം മറെറാരു ചതികൊണ്ടു് രജപുത്രർ അലാവുദീനെ വിഡ്ഢിയാക്കിവിട്ടു.

ലക്ഷ്മണസിംഹനു പ്രായപൂൎത്തിവന്നു. അദ്ദേഹം മേവാറിലെ റാണയായി ഭരണം കയ്യേററു.

ഇതിനിടയിൽ അലാവുദീൻ തൻെറ അമ്മാവനെ കൊന്നു് ദൽഹി ചക്രവൎത്തിയായി. ചിററൂരിനോടുള്ള പഴയ പകപോക്കുവാൻ അയാൾ ഉറച്ചു. ഒരു വമ്പിച്ച സേനയോടുകൂടി അയാൾ ചിററൂരെത്തി. ഇത്ര വലിയ ഒരു സൈന്യത്തോടെതിൎത്തു് കോട്ട രക്ഷിക്കുവാൻ സാധിക്കയില്ലെന്നു രജപുത്രർ കണ്ടു. എന്നാലും അവസാനം വരെ പൊരുതുവാൻതന്നെ അവർ തീൎച്ചയാക്കി. ശത്രുസൈന്യം അടുത്തടുത്തു് വരികയാണു്. ഉൽകണ്ഠാകുല

മായ ഒരു രാത്രിയിൽ ലക്ഷ്മണസിംഹന് ഒരു സ്വപ്നം ഉണ്ടായി. അവരുടെ കുലദൈവമായ ഭവാനി "എനിക്കു വിശക്കുന്നു", ഈ കുലം നശിക്കാതിരിക്കണമെങ്കിൽ കിരീടമണിഞ്ഞ പന്ത്രണ്ടു പേരുടെ രക്തം എനിക്കുകിട്ടണം" എന്നട്ടഹസിച്ചുകൊണ്ടു് മുമ്പിൽ നില്ക്കുന്നതു് അദ്ദേഹം കണ്ടു. റാണക്കും അനുചരന്മാൎക്കും കുലദൈവത്തിൽ വലിയ വിശ്വാസമാണു്. അതുകൊണ്ടു് പിറേറന്നു് റാണയും തൻെറ പന്ത്രണ്ടു പുത്രന്മാരും അമാത്യന്മാരും ഒരു സഭ കൂടി. രാജകുമാരന്മാർ ഓരോരുത്തരായി, മുമ്മൂന്നു ദിവസം കിരീടം ധരിച്ചിരുന്നശേഷം സമരാങ്കണത്തിലിറങ്ങണമെന്നു് അവർ തീരുമാനിച്ചു. പന്ത്രണ്ടുമക്കളും അതു സന്തോഷപൂൎവ്വം സ്വീകരിച്ചു. എന്നാൽ റാണയ്ക്കു തൻെറ ദ്വിതീയ പുത്രനായ അജയ്യസിംഹനോടു് പ്രത്യേക വാത്സല്യമുണ്ടായിരുന്നു. അതുകൊണ്ടു് അജയ്യനെ എങ്ങിനെയെങ്കിലും രക്ഷിക്കണമെന്നും, അയാൾക്കു പകരം താൻതന്നെ പടക്കളത്തിൽ ഇറങ്ങിക്കൊള്ളാമെന്നും റാണ അഭിപ്രായപ്പെട്ടു. അതെല്ലാവരും സമ്മതിച്ചു. അന്നുരാത്രി അജയ്യസിംഹനും അയാളുടെ രണ്ടു പുത്രന്മാരും ജ്യേഷ്ഠൻെറ മകനായ ഹമീരും ഉപായത്തിൽ കോട്ടവിട്ടു. അജയ്യനെ യാത്രയാക്കുമ്പോൾ റാണപറഞ്ഞു; "നിനക്കുശേഷം കിരീടാവകാശി നിൻെറ പുത്രനാണല്ലോ. എന്നാൽ ഈ ഹമീർ സിംഹാസനത്തിനുള്ള യോഗ്യത തെളിയിക്കുന്നപക്ഷം അവനെ നിൻെറ അനന്തരാവകാശിയാക്കണം. "ഹമീർ അൎഹ

നാണെന്നു ബോദ്ധ്യം വന്നാൽ അങ്ങിനെ ചെയ്തുകൊള്ളാം"; എന്നു അജയ്യസിംഹൻ വാക്കുകൊടുത്തു.

രാജകുമാരന്മാർ രക്ഷ പ്രാപിച്ചതിന്റെ നാലാം ദിവസം റാണയും അവശേഷിച്ച സൈന്യവും അവസാനത്തെ പോരിനൊരുങ്ങി, കോട്ട വാതിലുകൾ തുറന്നിട്ടു. ആഫ്ഗൻ പട്ടാളങ്ങൾ കോട്ടയ്ക്കുള്ളിൽ ഇരച്ചുകയറി. രജപുത്രന്മാർ ഒന്നൊഴിയാതെ എല്ലാവരും പടവെട്ടി മരിച്ചു. പത്മിനി അവസാനം തനിക്കധീനമായി എന്നു അല്ലാവുദീൻ സന്തോഷിച്ചു. എന്നാൽ കോട്ട ശൂന്യമായി കിടക്കുന്നതാണു് അയാൾ കണ്ടതു്. റാണി പത്മിനിയും മററു സകല രജപുത്രസ്ത്രീകളും "മാനഹാനിയേക്കാൾ മരണം നല്ലൂ" എന്നു കരുതി, നിലവറകളിലുള്ള അഗ്നികുണ്ഡങ്ങളിൽ കിടന്നു ദഹിക്കുകയായിരുന്നു.

അജയ്യസിംഹനും അനുചരന്മാരും കെൽവാര വനാന്തരങ്ങളിലുള്ള ഒരു കോട്ടയിൽ രക്ഷ പ്രാപിച്ചു. അവിടെ ഇരുന്നുകൊണ്ടു്, രാജ്യം വീണ്ടെടുക്കുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. അവിടേയും അവർക്കു സൈ്വരമുണ്ടായില്ല. റാണയ്ക്കു കീഴടങ്ങാതെ നിന്നിരുന്ന "മുഞ്ചബലൈച്ച" എന്ന ഒരു കൊള്ളക്കാരൻ അവരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അവൻ പ്രയോഗിച്ച ഒരമ്പു് അജയ്യസിംഹന്റെ തലയ്ക്കുകൊണ്ടു. അതിനു പകരം വീട്ടുവാൻ, ആ തസ്കരത്തലവന്റെ തല കൊണ്ടുവരാൻ സാധി

ക്കമോ എന്നു അജയ്യസിംഹൻ തന്റെ പുത്രന്മാരോടു ചോദിച്ചു. അവർ മടിച്ചു. റാണ ഉടനെ ഹമീറിനെ വിളിച്ചു് തന്റെ ആഗ്രഹം അറിയിച്ചു. അതിന്നു് ആ ധീരകുമാരൻ, "ഞാനൊന്നു പരീക്ഷിക്കാം, കുറച്ചു ദിവസത്തിനകം ഞാൻ മടങ്ങിവന്നില്ലെങ്കിൽ എന്നെ കാണാൻ ആശിക്കണ്ട"; എന്നു മറുപടി പറഞ്ഞു. നാലഞ്ചുനാംകള്ളിൽ, ഹമീർ തന്റെ കുതിരയുടെ ജീനിയിൽ ബേലൈച്ചയുടെ തല തൂക്കിയിട്ടുംകൊണ്ടു് റാണയുടെ മുമ്പിൽ ഹാജരായി; രക്തമിററുന്ന ആ തല ഹമീർ അമ്മാമന്നു് കാഴ്ചവെച്ചു. അജയ്യസിംഹൻ ഒരു രക്തബിന്ദു വിരലിൽ എടുത്തു് ഹമീറിന്റെ നെററിയിൽ പൊട്ടുകുത്തി; മേവാറിലെ റാണയായി അവനെ അവരോധം ചെയ്തു. അങ്ങിനെ അജയ്യസിംഹന്റെ മരണശേഷം ഹമീർ മേവാറിലെ റാണയായി.

ഹമീറിന്റെ പിന്നത്തെ ഉദ്യമം ചിററൂർ വീണ്ടെടുക്കുവാനായിരുന്നു അന്നു് ചിററൂർ അല്ലാവുദീന്റെ കീഴിൽ മാൽദേവ് എന്ന ഒരു രജപുത്രനാണു ഭരിച്ചിരുന്നതു് ഹമീർ കെൽവാര കോട്ടയ്ക്കുള്ളിൽ ഒരു നല്ല സൈന്യത്തെ സജ്ജീകരിച്ചു. അവരെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അയച്ചു്, കണ്ടേടത്തുവെച്ചെല്ലാം മുസൽമാൻ അക്രമികളെ തുരത്തി. ചിററൂരിനു നേരെ പലപ്രാവശ്യവും ഹമീർ ഒളിപ്പോർ നടത്തി. അങ്ങിനെ ഗവർണ്ണരായ മാൽദേവിനെ അലട്ടിക്കൊണ്ടിരുന്നു. തന്റെ സൈന്യ

കെട്ടത്തിയിരുന്ന ഹമീറിനെ ഒരു പാഠം പഠിപ്പിക്ക-
ണമെന്നു് മാൽദേവു് നിശ്ചയിച്ചു. തന്റെ മകളെ



ഹമീറിനു വിവാഹം ചെയ്തു കൊടുക്കാമെന്നു് ഒരു സന്ദേ-
ശം അയാൾ ഹമീറിനയച്ചു. പല ആശങ്കകളും ഉണ്ടാ-

SAHITHYA VILASINI LIBRARY
AYATHIL, KILIKOLLOOR

യി എങ്കിലും, അദ്ദേഹം അത്ര സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. ചിറവൂർ വീണ്ടെടുക്കുന്നതിനു ഏതാപൽക്കടത്തെയും നേരിടുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. വരുന്നതു വരട്ടെ എന്നുറച്ച് ഹമീർ കോട്ടയിലേക്കു പുറപ്പെട്ടു. കോട്ടയിൽ പ്രവേശിച്ചപ്പോൾ, കല്യാണാഘോഷത്തിന്റെ ലക്ഷണങ്ങളൊന്നും അവിടെ കണ്ടില്ല. അതിന്റെ അഭാവം ഹമീറിന്റെ ആശങ്കകളെ വർദ്ധിപ്പിച്ചു. ഹമീർ കുതിരപ്പുറത്തു നിന്നിറങ്ങി, തനിയെ മാൽദേവിന്റെ കൊട്ടാരത്തിലേക്കു ചെന്നു. അവിടെയും വിശേഷമൊന്നും കണ്ടില്ല. മാൽദേവും കുടുംബാംഗങ്ങളും കൂടി പുതിയ ജാമാതാവിനെ സ്വീകരിക്കുന്ന ചടങ്ങു നടത്തി. മൂടുപടമിട്ട വധു ഉടനെ അങ്ങോട്ടു നയിക്കപ്പെട്ടു. ഒരു ബ്രാഹ്മണപുരോഹിതൻ ഹമീറിന്റെ ഉത്തരീയവും വധുവിന്റെ മൂടുപടത്തുമ്പും ചേർത്തുകെട്ടി. അതിനുശേഷം വധൂവരന്മാരെ അവിടെ തനിച്ചാക്കി മററുള്ളവർ സ്ഥലംവിട്ടു. അങ്ങിനെ ഹമീർ മൂടിക്കെട്ടിക്കൊണ്ടുവന്ന ആ വ്യക്തിയുടെ ഭർത്താവായി. തന്നെ അപമാനിക്കുവാൻ മാൽദേവ് വല്ല കിഴവിയേയും കെട്ടി അണിയിച്ച് നിർത്തിയതായിരിക്കും എന്നു ഹമീർ ശങ്കിച്ചു. മൂടുപടം ഉയർത്തി നോക്കിയപ്പോൾ അയാൾ ആശ്ചര്യഭരിതനായി. ലജ്ജകൊണ്ടു് വിളറി, ദുഃഖംകൊണ്ടും ഭയംകൊണ്ടും വിറച്ചുകൊണ്ടിരുന്ന സുന്ദരിയായ ഒരു ബാലികയെയാണു് ഹമീർ കണ്ടതു്. അദ്ദേഹം ഒന്നും മിണ്ടാതെ അല്പനേരം

[library stamp]

നിന്നു. എന്നിട്ടു് പത്തുക്കെ ചോദിച്ചു. "എന്നെക്കൊണ്ടു് ഇങ്ങിനെ ഒരു വിവാഹം നടത്തിച്ചതിന്റെ ഉദ്ദേശം എന്തു്?"

ബാലിക:—"ഞാൻ അവിടത്തെ ദാസിയാണു്. അവിടുന്നു് ഒരു വലിയ ചതിയിൽ പെട്ടിരിക്കുന്നു. ഞാൻ ഒരു വിധവയാണു്. ഭവാനെ അവമാനിക്കാൻ കല്പിച്ചുകൂട്ടി പ്രയോഗിച്ച ഒരു കുതന്ത്രമാണിതു്"

ഒരു രജപുത്രനു് വിധവാവിവാഹം എത്രയോ നിന്ദ്യമാണു്. വിധവകൾ ഒന്നുകിൽ ഭർത്താവിന്റെ ചിതാഗ്നിയിൽ ദഹിക്കുക, അല്ലെങ്കിൽ ജാതിഭ്രഷ്ടകളായി, തലമുണ്ഡനം ചെയ്തു തപസ്സുചെയ്യുക ഇതായിരുന്നു അന്നത്തെ നിയമം. തന്റെ മാനം രക്ഷിക്കാൻ ഹമീർ ഉടൻ അവളുടെ തലവെട്ടുമെന്നാണു അവൾ പ്രതീക്ഷിച്ചിരുന്നതു്. അതിനുപകരം അദ്ദേഹം തന്നെ കരുണാപൂർവ്വം കടാക്ഷിക്കുന്നതു കണ്ടപ്പോൾ അവൾക്കു അല്പം ധൈര്യം തോന്നി. തന്റെ ശൈശവവിവാഹത്തേയും വൈധവ്യത്തേയും കുറിച്ചു് ആ കന്യാവിധവ അദ്ദേഹത്തോടു വിസ്തരിച്ചു പറഞ്ഞു. ഹമീരിന്റെ ശാന്തഭാവം അവൾക്കു ആത്മവിശ്വാസമുണ്ടാക്കി. അവൾ അദ്ദേഹത്തെ നമസ്കരിച്ചു കൈപിടിച്ചു ചുംബിച്ചു. ഹമീർ എന്തുചെയ്യണമെന്നറിയാതെ സ്തംഭിച്ചുനിന്നു. അവൾ പറഞ്ഞു:—"അവിടുന്നു് പരിഭ്രമിക്കേണ്ട നഷ്ടപ്പെട്ട എന്റെ ജീവിതം വീണ്ടെടു

ത്തിന്ന് പ്രതിഫലമായി, ഭവാന്ന് നഷ്ടപ്പെട്ട രാജ്യം വീണ്ടെടുക്കാൻ ഞാൻ സഹായിക്കാം. കുറച്ചുകാലം ക്ഷമിച്ചിരിക്കണമെന്നു മാത്രം. ഞാൻ ഒരുപായം പറയാം. നമ്മുടെ ജാതിമയ്യാദപ്രകാരം വരശുല്കമായി വേണ്ടതു് ചോദിക്കുവാൻ ജാമാതാവിന്നവകാശമുണ്ടു്. അച്ഛനോട്ട് അദ്ദേഹത്തിന്റെ ഇമസ്ഥൻ ജാൽമേത്തയെ സ്ത്രീധനത്തോടുകൂടി കിട്ടണമെന്നു് പറയണം. ജാൽ നമ്മെ സഹായിക്കും." ഹമീർ ഈ അഭിപ്രായം സ്വീകരിച്ചു. അദ്ദേഹം വളരെ മയ്യാദയോടും അന്തസ്സോടുംകൂടി, മാൽദേവിനെ സമീപിച്ചു് അഭിവാദ്യം ചെയ്തശേഷം, മുമ്പു പറഞ്ഞ സ്ത്രീധനം അവശ്യപ്പെട്ടു. തന്റെ ചതിപ്രയോഗത്തിൽ കുടുങ്ങിയ ആറം ഇങ്ങിനെ പെരുമാറുമെന്നു് മാൽദേവോ മന്ത്രിമാരോ പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും ചോദിച്ചതു് കൊടുക്കാതെ നിവൃത്തിയില്ലാത്തതുകൊണ്ടു് ജാൽമേത്തയെ മകളോടൊപ്പം കെൽവാരക്കോട്ടയിലേക്കയച്ചു.

രണ്ടുകൊല്ലം അങ്ങിനെ കഴിഞ്ഞു. ഹമീറിന്റെ പത്നി ജാലിന്റെ സഹായത്തോടുകൂടി, ചിറവൂരിലുള്ള ജനങ്ങളുടെ ആനുകൂല്യം സമ്പാദിച്ചു. ഹമീറിന്നു ഒരു കുഞ്ഞു് പിറന്നു. കുഞ്ഞിന്റെ ജന്മനക്ഷത്രദിവസം, കോട്ടയിൽ ചെന്നു് അച്ഛന്റെ കുലദൈവത്തെ വന്ദിക്കാൻ തനിക്കനുവാദം ഉണ്ടാകണമെന്നു് മകൾ മാൽദേവിനെ അറിയിച്ചു. മാൽദേവ് ഒരു യുദ്ധം പ്രമാണിച്ചു് സൈ

ന്യസമേതം കോട്ടവിട്ടിരുന്ന സമയത്താണ് ഈ അപേക്ഷ അവിടെ എത്തിച്ചത്. അപ്പന്റെ അഭാവത്തിൽ മാൽദേവിന്റെ പുത്രൻ അതിനനുവാദം നൽകി. അവറം കുഞ്ഞിനെ എടുത്തു കുറെ അനുചരന്മാരോടും ജാൽമേത്തയോടും കൂടി കോട്ടയിലേക്കു ചെന്നു. കൊച്ചുറാണിയേയും ജാൽമേത്തയേയും കണ്ട് ജനങ്ങൾ വളരെ സന്തോഷിച്ചു.

ഇതിനിടയ്ക്കു, മുൻകൂട്ടി നിശ്ചയിച്ചിരുന്നപ്രകാരം ഹമീറും സൈന്യവും കോട്ടവാതില്ക്കൽ എത്തി. ജാൽമേത്ത നയോപായങ്ങൾ കൊണ്ട് മുമ്പുതന്നെ ജനങ്ങളെ സ്വാധീനമാക്കിയിരുന്നതിനാൽ ഹമീറിനും ഭടന്മാക്കും കോട്ടയിൽ കടക്കുവാൻ വിഷമമുണ്ടായില്ല. മാൽദേവും പരിവാരങ്ങളും തിരിച്ചുവന്നപ്പോൾ, രജപുത്രരുടെ ചെങ്കൊടി കോട്ടയ്ക്കുള്ളിൽ പറക്കുന്നുണ്ടായിരുന്നു. കോട്ട വീണ്ടെടുക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം നിഷ്ഫലമായി. ഹമീർ കോട്ട കൈവശപ്പെടുത്തിയ വാർത്ത രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പരന്നു. ആ രാജവംശത്തോടു കൂറുള്ളവരായിരുന്ന അനേകം ജനങ്ങൾ ഹമീറിനെ സഹായിക്കാൻ ഓടിയെത്തി. ഹമീർ ഒരു വലിയ സൈന്യം സജ്ജീകരിച്ച്, മാൽദേവിനെ എതിർത്തുതോല്പിച്ചു. ഇതിനിടയ്ക്കു ദില്ലി സുൽത്താൻ അലാവുദീൻ മരിച്ചതിന്റെ ഫലമായി അവിടെ പല കലാപങ്ങളും നടന്നുകൊണ്ടി

ന്നു. ഇതു, ഹമീറിന്നു തന്റെ ശക്തി വർദ്ധിപ്പിക്കാനും സുസ്ഥിരമാക്കാനും നല്ലൊരവസരം നൽകി. അങ്ങിനെ കൈവിട്ടുപോയ രാജ്യവും കോട്ടവും വീണ്ടെടുത്ത് ഹമീർ റാണയായി വാണു.

---

# II. പഴശ്ശി രാജാ കേരളവർമ്മ

---

തലശ്ശേരിപട്ടണത്തിന്നു സുമാർ പതിനഞ്ചുമൈൽ കിഴക്ക്, മട്ടന്നൂർ നിന്നു കുത്തുപറമ്പിലേക്കു പോകുന്ന റോഡിന്നു സമീപമാണ്ടു് പണ്ടത്തെ പഴശ്ശിക്കോട്ടയുടെ സ്ഥാനം. അവിടെ ഇപ്പോൾ കോട്ടയുടെ അവശിഷ്ടങ്ങളൊന്നുമില്ല. എന്നാൽ ആ പറമ്പിലെ മണൽത്തരികൾ പോലും, കേരളചരിത്രം അറിയുന്ന സ്വദേശസ്നേഹികളെ പുളകംകൊള്ളിക്കും.

പതിനെട്ടാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, ശൂരന്മാരും സംസ്കാരസമ്പന്നന്മാരുമായ കോട്ടയത്തു് രാജാക്കന്മാരാണു് കോരപ്പുഴയ്ക്കു വടക്കുള്ള മലബാർ ഭരിച്ചിരുന്നതു്. കോട്ടയം രാജകുടുംബത്തിലെ നാലാംമുറ രാജാ

ചായിരുന്ന കേരളവർമ്മ. പഴശ്ശിക്കൊട്ടാരത്തിൽ താമസി ച്ചിരുന്നതുകൊണ്ടു് അദ്ദേഹം പഴശ്ശിരാജാവെന്ന പേ രിൽ പ്രസിദ്ധനായി.

ടിപ്പുവിന്റെ പടയോട്ടം കേരളചരിത്രത്തിലെ ഒരു ഭയങ്കര സംഭവമാണു്. കൊടുങ്കാററു പോലെ അടി ത്തെത്തിച്ച ആ ആക്രമണത്തെ ചെറുത്തുനിൽക്കാൻ ശ ക്തിയില്ലാതെ, മലബാറിലെ സ്വതന്ത്രരാജാക്കന്മാരെ ല്ലാം, കോട്ടയത്തു രാജാവുൾപ്പെടെ, രാജ്യം കയ്യൊഴിഞ്ഞു് അങ്ങുമിങ്ങും ഓടിപ്പോയി. ആ ആപൽഘട്ടത്തിൽ തന്റെ രാജ്യത്തിനു വേണ്ടി, ഉറച്ചു നിന്നു പോർ ചെയ്ത ശൂരപുരുഷനാണു് പഴശ്ശി രാജാവു്.

ഈ കാലത്തുതന്നെ ടിപ്പുവും ഇംഗ്ലീഷുകാരും ത മ്മിൽ കർണ്ണാട്ടിക്കിൽ യുദ്ധം നടന്നുകൊണ്ടിരുന്നു. പൊ തുശത്രുവായ ടിപ്പുവിനോടുള്ള യുദ്ധത്തിൽ കമ്പിനിക്കാരെ കേരളവർമ്മ സഹായിക്കയും ചെയ്തിരുന്നു. ആ യുദ്ധം 1792ൽ ടിപ്പുവും ഇംഗ്ലീഷുകാരുമായുണ്ടായ സന്ധിയിൽ അവസാനിച്ചു. അതുപ്രകാരം മലബാറിന്റെ സർവ്വാധിപ ത്യം ഇംഗ്ലീഷുകാർക്കു് കിട്ടി. കോട്ടയത്തേക്കു് പണ്ടുണ്ടാ യിരുന്ന പ്രദേശങ്ങൾ ആ സ്വരൂപത്തിലേക്കുതന്നെ വിട്ടു കൊടുക്കാമെന്നു് ഇംഗ്ലീഷുകാർ മുമ്പു സമ്മതിച്ചിരുന്നു. എന്നാൽ ടിപ്പുവിന്റെ ശക്തി ക്ഷയിച്ചു എന്നു് കണ്ട പ്പോൾ, ഈ വാഗ്ദാനം നിറവേററാൻ അവർ മടിച്ചു.

അതുകാരണം കേരളവൎമ്മ ഇംഗ്ലീഷുകാരുമായി ഇടഞ്ഞു. അക്കാലത്തു് കച്ചവടം പ്രധാനമായി കരുതിയിരുന്ന കമ്പിനിക്കാൎക്കു്, കേരളവൎമ്മയുമായി ഏററുമുട്ടി അതിനു വിഘ്നങ്ങൾ ഉണ്ടാക്കണമെന്നു് വിചാരമുണ്ടായിരുന്നില്ല. എന്നാൽ കരടകന്മാരായ ചില നാട്ടുകാർ സ്വാൎത്ഥലാഭം കരുതി, അവർ തമ്മിൽ തെററിദ്ധാരണയുണ്ടാക്കി അവരെ ബദ്ധവൈരികളാക്കിത്തീൎത്തു. ഒരു ശത്രുവിന്റെ നിലയിൽ നാട്ടിനുള്ളിൽ കടന്നാൽ ഉണ്ടാകാവുന്ന വിഷമതകളോൎത്തും, അതേസമയത്തു് കൎണ്ണാററിക്കു് പ്രദേശത്തു് ടിപ്പുവുമായുള്ള ഒരവസാനസമരത്തിനു് ഒരുക്കൂട്ടുകയായിരുന്നതുകൊണ്ടും കേരളവൎമ്മയുമായി ഒരു യുദ്ധത്തിലേൎപ്പെടുവാൻ ഇംഗ്ലീഷുകാർ ആ അവസരത്തിൽ ഒരുമ്പെട്ടില്ല. 1799ൽ ടിപ്പു യുദ്ധത്തിൽ മരിച്ചു. അങ്ങിനെ ആ ഭാഗത്തുള്ള വിഷമം തീൎന്നുകിട്ടിയപ്പോൾ, മലബാറിനെ സംബന്ധിച്ച സൎവ്വാധികാരവും അവൎക്കാണെന്നുള്ള പഴയ വാദം കമ്പിനിക്കാർ വീണ്ടും എടുത്തിട്ടു. കരാറു ലംഘിച്ച കമ്പിനിക്കാരുമായി ഇനിമേൽ യോജിച്ചുപോവുക സാദ്ധ്യമല്ലെന്നു് കേരളവൎമ്മയ്ക്കു ബോദ്ധ്യമായി. അദ്ദേഹം യുദ്ധത്തിനിറങ്ങി. കേരളവൎമ്മയെ യുദ്ധം ചെയ്തു കീഴടക്കുവാൻ കമ്പിനിക്കാരും ഒരുങ്ങി.

രണ്ടായിരത്തിൽപരം അഭ്യാസബലവും സമരസാമൎത്ഥ്യവുമുള്ള നായർ ഭടന്മാർ കേരളവൎമ്മയുടെ അധീനത്തിലുണ്ടായിരുന്നു. അവരെ പടത്തലവന്മാരുടെ കീഴിൽ

സംഘങ്ങളായിതിരിച്ചു്, നാട്ടിലും കാട്ടിലുമുള്ള മർമ്മസ്ഥാ
നങ്ങളിലെല്ലാം നിർത്തി. അതിനുപുറമെ അത്രതന്നെ
വലിയ ഒരു കുറിച്യപ്പട്ടാളവും അദ്ദേഹം സംഘടിപ്പിച്ചു.
അത്ഭുതപരാക്രമത്തോടുകൂടിയ ഒരു 'വാനരസേന' തന്നെ
ആയിരുന്നു അതു്. വില്ലാളിവീരന്മാരായ അവർക്കു് ഇരുട്ടട
ഞ്ഞ കാടുകളിലും വഴികാണാത്ത മലകളിലും 'കാലുകണ്ണാ
ണു'. അവർ എവിടെ പാർക്കുന്നുവെന്നോ എങ്ങിനെ ജീവി
ക്കുന്നുവെന്നോ ആർക്കും അറിഞ്ഞുകൂടാ. ബ്രിട്ടീഷുസൈന്യ
ങ്ങളുടെ ഒരു ചെറിയ അനക്കംപോലും അവരുടെ ചാര
ന്മാർ അപ്പപ്പോൾ ആരാഞ്ഞു് തമ്പുരാന്റെ കാവൽ ഭട
ന്മാരെ അറിയിച്ചിരുന്നു. അസ്ത്രപ്രയോഗത്തിൽ അവർക്കു
ള്ള അത്ഭുതവിക്രമങ്ങൾ കേട്ടാൽ കെട്ടുകഥയാണെന്നു
തോന്നും. പലപ്പോഴും കമ്പനിപട്ടാളക്കാർ തമ്പുരാന്റെ
ആളുകളെ 'ഇതാപിടിച്ചു' എന്ന നിലയിൽ നില്ക്കു
മ്പോൾ കുറിച്യാളുകളുടെ ഒളിയമ്പുകളേററു് വീഴുകയുണ്ടാ
യിട്ടുണ്ടു്.

ഈ രണ്ടു സേനകളുടേയും സഹായത്തോടുകൂടി പഴ
ശ്ശിരാജാവു് കമ്പനി സൈന്യങ്ങളെ അഞ്ചെട്ടുവർഷം ഇട്ടു
വട്ടം കറക്കി. അവരുടെ സേനാവിഭാഗങ്ങളെ ഒററപ്പെടു
ത്തി ആക്രമിക്കുക, ഭക്ഷ്യസാധനങ്ങളും പടക്കോപ്പുകളും
കൊണ്ടുപോകുന്നവരെ തടഞ്ഞു നിർത്തി അതു പിടിച്ചെടു
ക്കുക, അങ്ങിങ്ങു് യുദ്ധഭീഷണിയുണ്ടാക്കി കമ്പനിപ്പട്ടാള
ങ്ങളെ നാലുപാടും ഓടിക്കുക; ഇങ്ങിനെ പലവിധം
അടവുകൾകൊണ്ടും കേരളവർമ്മ അവരെ പൊറുതിമുട്ടിച്ചു.

SAHITHYA VILASINI L.B., AYATHIL, KILIKOLLOOR

തലശ്ശേരിയിലുള്ള സേനാനായകന്മാരുടെ യുദ്ധനയങ്ങൾ കേരളവർമ്മയുടെ നേരെ ഫലിക്കുന്നില്ലെന്നു കണ്ടതുകൊണ്ടു് ഗവർണ്ണർജനറലായ വെല്ലസ്ലിപ്രഭു പിന്നീടു് നെപ്പോളിയനുമായുള്ള യുദ്ധത്തിൽ ലോകപ്രസിദ്ധിനേടിയ കേണൽ വെല്ലസ്‌ലിയെ ബോംബെയിൽ നിന്നു് തലശ്ശേരിയിലേക്കയച്ചു. അദ്ദേഹം, കേരളവർമ്മയുടെ യുദ്ധമുറകളും സംഘടനാസാമർത്ഥ്യവും കണ്ടു് അത്ഭുതപ്പെട്ടു. മലബാറിന്റെ ഭൂപ്രകൃതിക്കനുസൃതമായ ഒരു പുതിയ യുദ്ധസമ്പ്രദായം ഏർപ്പെടുത്തിയാലേ രക്ഷയുള്ളു എന്നു് അദ്ദേഹം കണ്ടു. അതുകൊണ്ടു് അദ്ദേഹം അവിടവിടെ കോട്ടകൾ സ്ഥാപിച്ചു് പട്ടാളത്തെ നിർത്തുകയും, അതിനു ചുററുമുള്ള പ്രദേശങ്ങളിൽ നിന്നു് സൈന്യങ്ങളുടെ സഹായത്തോടുകൂടി കരം പിരിയ്ക്കുകയും, സമീപമുള്ള നായർ പ്രമാണികളെ ഭയപ്പെടുത്തിയും നയം പ്രയോഗിച്ചും സ്വാധീനമാക്കയും, കോട്ടകൾ തമ്മിൽ സംഘടിപ്പിയ്ക്കുന്നതിനു് കാടുതെളിയിച്ചു് റോഡുകൾ വെട്ടുകയും ചെയ്തു. വെല്ലസ്ലി ഇങ്ങനെ ഒരു കോട്ടച്ചങ്ങലയുണ്ടാക്കി, ആ സ്ഥലങ്ങളിലെല്ലാം അവരുടെ ശക്തി ഉറപ്പിക്കയും വികസിപ്പിക്കയും ചെയ്തപ്പോൾ, ഇനി 'കാടേ നമുക്കുഗതി' എന്നു കരുതി തമ്പുരാനും പട്ടാളവും വയനാട്ടിലേക്കു വലിഞ്ഞു.

എന്നാൽ പല സ്ഥാനങ്ങളിലായി നിൽക്കുന്ന സൈന്യങ്ങൾക്കു് മുടങ്ങാതെ ഭക്ഷ്യസാധനങ്ങൾ അയച്ചുകൊടുക്കുന്ന കാര്യം അദ്ദേഹത്തിനു വിഷമമായിത്തീർന്നു.

കമ്പനിക്കാരുടെ അധികാര പരിധി വർദ്ധിച്ചതോടുകൂടി നാട്ടിൽനിന്നൊന്നും കിട്ടാതായി. ഉപായത്തിൽ സാമാനങ്ങൾ അയച്ചുകൊണ്ടിരുന്ന ചില മാപ്പിള മുതലാളിമാരെ ഇംഗ്ലീഷുകാർ ഭയപ്പെടുത്തിയതുകൊണ്ടും അതു മുടങ്ങി. കുറെക്കാലം കമ്പനി ഏജൻറുമാർക്ക് മലഞ്ചരക്കുകൾ കൊടുത്ത് പകരം അരി മേടിച്ച് കാര്യം നിവർത്തിച്ചു. വെല്ലസ്ലി ഇതു വിലക്കി. ടിപ്പുവിൻെറ മരണശേഷം, ബ്രിട്ടീഷധീനത്തിലായിത്തീർന്ന മൈസൂരുമായുള്ള ബന്ധവും അററുപോയി.

ഇങ്ങനെ കഷ്ടപ്പെട്ടു കഴിച്ചുകൂട്ടുന്ന കാലത്തുപോലും കേരളവർമ്മയുടെ സൈന്യങ്ങൾ കമ്പനിപ്പട്ടാളക്കാരെ ഒളിപ്പോർ ചെയ്ത് നട്ടം തിരിച്ചുകൊണ്ടിരുന്നു.

ഈ ദുർഘടാവസ്ഥ അധികകാലത്തേക്കു വേണ്ടിവന്നില്ല. നാട്ടുകാരായ ചില നീചപ്രമാണികൾ സ്വാർത്ഥലാഭം കരുതി, തമ്പുരാൻെറ അഭയസ്ഥാനമായ പുല്പള്ളി കോട്ടയെപ്പററിയും കുറിച്യ തലസ്ഥാനമായ വയനാട്ടു കോട്ടയെപ്പററിയും കമ്പനിക്കാർക്ക് ഒററുകൊടുത്തു. അതനുസരിച്ച് ഒരു വലിയ ബ്രിട്ടീഷ് പട്ടാളം രണ്ടു കൈവഴികളായി കോട്ടകൾ രണ്ടും ഒരേസമയത്തു വളയുവാൻ തക്കവണ്ണം അങ്ങോട്ടു പുറപ്പെട്ടു.

പുല്പള്ളിക്കോട്ടയുടെ നാലുഭാഗത്തും വെടി മുഴങ്ങി. കേരളവർമ്മയുടെ പട്ടാളക്കാർ പല താവളങ്ങളിലായി

ചിതറിക്കിടക്കുകയാണു്. ചെങ്കുത്തായ മലകളുടേയും വഴികാണാത്ത വനങ്ങളുടേയും നടുവിലുള്ള കോട്ട, ഊട-



റിയുന്ന ഒററുകാരുടെ ഒത്താശയില്ലാതെ കമ്പനിക്കാർ കണ്ടെത്തുകയില്ലെന്നു തമ്പുരാനറിയാം. സ്വന്തം ആളു-

കൾ ആരോ ചതിച്ചു. ഇനി വെടിയുണ്ടയ്ക്കിരയാകുന്നതിനേക്കാൾ ഭേദം ആത്മഹത്യയാണെന്നദ്ദേഹം ഉറച്ചു. പട്ടാളം അടുത്തെത്തുന്നതിനു മുമ്പ് വൈരം, വിഴുങ്ങി മരിച്ചു. അടുത്തുണ്ടായിരുന്ന അംഗരക്ഷകന്മാർ കോട്ടയിലേക്കു കയറിവന്ന പട്ടാളക്കാരോടേററുമുട്ടി, തമ്പുരാനെ അനുഗമിച്ചു. തമ്പുരാൻ മരിച്ചതറിഞ്ഞു, ഇനി ഇരുന്നിട്ടു കാര്യമില്ലെന്നു കണ്ടു്, കുറിച്ച്യപ്പട്ടാളം, ബ്രിട്ടീഷുസൈന്യം വന്നു കയറുന്നതിനു മുമ്പുതന്നെ വയനാട്ടുകോട്ട ചുട്ടുപൊടിച്ചു്, അവരുടെ നേതാക്കന്മാർ ആ അഗ്നിയിൽ ദഹിച്ചു. അതോടുകൂടി കേരളത്തിലെ ക്ഷത്രിയ വീര്യവും അവസാനിച്ചു.

'ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം, എന്റെ വലം കയ്യിൽ വാളുള്ള കാലത്തോളം, സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ പോർചെയ്യും'. എന്നു് കുലദേവതയായ ശ്രീ പോർക്കലിയുടെ മുമ്പിൽ കേരളവർമ്മ സത്യം ചെയ്തിരുന്നു. അതനുസരിച്ചു് അദ്ദേഹം ജീവിക്കയും മരിക്കയും ചെയ്തു.

കേരളവർമ്മയുടെ രണ്ടു കയ്യുകൾപോലെ ഇടത്തും വലത്തും നിന്നകംപടി സേവിക്കയും കൂടെനിന്നു പൊരുതി മരിക്കയും ചെയ്ത ശൂരകേസരികളായ കൈതേരി അമ്പുവിനെയും എടച്ചേന കുങ്കനെയും, കേരളവർമ്മയെപ്പോലെതന്നെ, നാട്ടുകാർ, ഇന്നും അഭിമാനപൂർവ്വം അനുസ്മരിച്ചുവരുന്നു.

# III. ചാന്ദ് ബീബി

ഭാരതത്തിലെ വീരവനിതകളുടെ കൂട്ടത്തിൽ ചാന്ദ് ബീബിക്ക് ഒരു ഉന്നത സ്ഥാനമാണ് ചരിത്രകാരന്മാർ കൊടുത്തിട്ടുള്ളത്. ആഭ്യന്തര കലഹങ്ങൾ കാരണം സ്വാതന്ത്ര്യം നശിച്ച നാട്ടു രാജ്യങ്ങളിലൊന്നാണ് ബിജപ്പൂർ. ചാന്ദ് ബീബിയുടെ ജീവിതകഥ വായിക്കുമ്പോൾ ഈ ചരിത്രസത്യമാണ് നമ്മുടെ മുമ്പിൽ നില്ക്കുക.

അഹമ്മദ് നഗറിലെ രാജാവായ ഹുസേയിൻ നൈസാംഷായുടെ മകളും ബിജപ്പൂരിലെ രാജാവ് ആലി അദിൽഷായുടെ പത്നിയുമായിരുന്നു ചാന്ദ് ബീബി. ആ രണ്ടു രാജ്യങ്ങളും അന്ന് യോജിച്ചാണ് ഭരണം നടത്തിയിരുന്നത്. തന്റെ ഭാര്യയുടെ ബുദ്ധിവൈഭവവും ക്ഷാത്രവീര്യവും അദിൽഷായ്ക്ക് ഭരണകാര്യങ്ങളിൽ വലിയ സഹായമായിരുന്നു. ചാന്ദ് ബീബി ഭർത്താവോടൊപ്പം പ്രജകളുടെ യോഗക്ഷേമങ്ങളന്വേഷിക്കയും യുദ്ധത്തിനു പോകുമ്പോൾ അദ്ദേഹത്തെ അനുഗമിക്കയും ചെയ്യുക പതിവായിരുന്നു. പക്ഷെ, ക്രിസ്ത്വ 1580-ൽ അദിൽഷായെ ഒരു ഭൃത്യൻ ചതിവിൽ കൊന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മരുമകനും കേവലം ബാലനുമായിരുന്ന

ഇബ്രാഹിം അദിൽഷാ രാജാവായി. ആ യുവാവിന്റെ രക്ഷാധികാരവും വിദ്യാഭ്യാസവും ചാന്ദ്ബീബി നിപുണമായി നിർവ്വഹിച്ചു പോന്നു. പ്രധാനമന്ത്രി കമിൽഖാനായിരുന്നുവെങ്കിലും, രാജ്യകാര്യങ്ങളെല്ലാം ചാന്ദ്ബീബിയുടെ നിർദ്ദേശമനുസരിച്ചാണു് നടന്നുവന്നതു്. രാജ്യാഭിവൃദ്ധിക്കു് ആവശ്യമായ പല പരിഷ്ക്കാരങ്ങളും വരുത്തുന്നതിൽ ആ മഹതി തീവ്രമായി പ്രയത്നിച്ചുപോന്നു. ചാന്ദ്ബീബിക്കു് അറബി, പേർഷ്യൻ എന്നീ ഭാഷകളിൽ അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. വിദ്വാന്മാരെ ബഹുമാനിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും അവർ എപ്പോഴും ശ്രദ്ധവെച്ചു. റാണിയുടെ ജനസ്വാധീനതയും ഭരണ നൈപുണിയും കണ്ടിട്ടു് അസൂയാലുവായിത്തീർന്ന കമിൽഖാൻ അവരോടു് ധിക്കാരമായി പെരുമാറാൻ തുടങ്ങി. അതുകൊണ്ടു് ബീബി കിഷ്വാർഖാൻ എന്ന ഒരു പ്രഭുവിന്റെ സഹായത്തോടുകൂടി അയാളെ ഉദ്യോഗത്തിൽ നിന്നു് പിരിച്ചു് തൽസ്ഥാനത്തു് കിഷ്വാർഖാനെ നിയമിച്ചു. എന്നാൽ അയാറം തന്റെ പുരോഗാമിയെക്കാറം ദോഷവാനാണെന്നു് വേഗത്തിൽ വെളിപ്പെട്ടു. അധികാരം കയ്യിൽ കിട്ടിയപ്പോറം; ചില പ്രഭുക്കന്മാരെ പറഞ്ഞിളക്കി, റാണിക്കു് വിരോധമായി ഒരു ശത്രുകക്ഷിയെ അയാറം ഉണ്ടാക്കിത്തീർത്തു. ഈ കക്ഷിക്കാർ റാണി ബീജപ്പൂർ വിട്ടുപോകണമെന്നാവശ്യപ്പെട്ടു. അതിനു് വഴിപ്പെടാഞ്ഞതിനാൽ

അവർ റാണിയെ ബലാൽക്കാരമായി പിടിച്ചു് സറ്റാറാ കോട്ടയിൽ ബന്ധനസ്ഥയാക്കി. എന്നാൽ അല്പകാലത്തിന്നുള്ളിൽ അവൎക്ക കിഷ്വാർഖാന്റെ കുതന്ത്രങ്ങൾ മനസ്സിലായി. വലിയ പശ്ചാത്താപത്തോടുകൂടി റാണിയെ സ്വതന്ത്രയാക്കിയിട്ടു് അവർ ഉടനെ കിഷ്വാർഖാന്റെ നേൎക്കു് തിരിഞ്ഞു. കിഷ്വാർഖാൻ ഗോൾക്കൊണ്ടയിലേയ്ക്കു് ഓടിപ്പോയി, അവിടെവെച്ചു് മരിച്ചു.

സ്വസ്ഥാനത്തു് തിരിച്ചെത്തിയ ചാന്ദ്ബീബി ഇഖലാസ് ഖാൻ എന്ന ഒരു അബിസീനിയൻ പ്രഭുവിനെ മന്ത്രിയായി നിയമിച്ചു. ഈ നിയമനം ഭരണകാൎയ്യത്തിൽ വിഷമങ്ങൾ വർദ്ധിപ്പിക്കയാണു് ചെയ്തതു്. ഡെക്കാൻ പ്രഭുക്കന്മാരും അബിസീനിയൻ പ്രഭുക്കന്മാരും രണ്ടു ചേരിയായി തിരിഞ്ഞു്, കലഹം തുടങ്ങി. ഇതിന്റെ ഫലമായി അഹമ്മദബാദിലെ രാജാവായ ഇബ്രാഹിം നൈസാംഖാൻ വധിക്കപ്പെട്ടു. പ്രബലരായ ചില പ്രഭുക്കന്മാർ ചേൎന്നു് ചാന്ദ്ബീബിയുടെ അഭിപ്രായത്തിന്നു് വിപരീതമായി, ആ സ്ഥാനത്തു് അഹമ്മദ്ഷാ എന്ന ഒരു യുവാവിനെ രാജാവാക്കി. ഈ വിപ്ലവകക്ഷിയുടെ നേതാവു് മിയാൻ മഞ്ചു എന്ന ഒരു പ്രഭുവായിരുന്നു. രാജ്യത്തിന്റെ ഉൽക്കർഷത്തിന്നും സമാധാനത്തിന്നും വിരുദ്ധമായ ഈ മാതിരി വ്ക്രിയകൾ കണ്ടു് മനസ്സിടിഞ്ഞു്, ചാന്ദ ബീബി അഹമ്മദ് നഗരം വിട്ടു് ബിജപ്പൂരിലേക്കുപോയി. വിപ്ലവ നേതാവായ

മഞ്ജുവാകട്ടെ, എതിർ കക്ഷിയുടെ ശക്തിയിൽ ഭയം തോന്നീട്ട്, അക്ബർ ചക്രവർത്തിയുടെ മകനായ മുറാദിനോട്ട് സഹായം ആവശ്യപ്പെട്ടു. മുഗളരുടെ പ്രാബല്യം വർദ്ധിപ്പിയ്ക്കുന്നതിന് ഇതൊരു നല്ല അവസരമാണെന്ന് കണ്ട്, മുറാദ് ഒരു വലിയ സൈന്യത്തോടുകൂടി വന്ന്, അഹമ്മദ് നഗരിലെ കോട്ട വളഞ്ഞു. താൻ ചെയ്തത് വലിയൊരു അബദ്ധമായി എന്ന് മഞ്ജുവിന് അപ്പോഴാണ് മനസ്സിലായത്. മുഗളരുടെ ആക്രമണത്തിൽനിന്ന് രാജ്യം രക്ഷിക്കുവാൻ മഞ്ജു ചാന്ദ് ബീബിയോടപേക്ഷിച്ചു. റാണി വാർദ്ധക്യംകൊണ്ടും രോഗംകൊണ്ടും അവശസ്ഥിതിയിലായിരുന്നുവെങ്കിലും, സ്വരാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുവാൻ ഉടനെ അഹമ്മദ് നഗരിലെത്തി; വളരെ മാസങ്ങളോളം മുഗളരോട്ട് അവർ എതിർത്തുനിന്നു. അതിന്നിടയിൽ ഒരു രാത്രി കോട്ടയുടെ ഒരു ഭാഗം ശത്രുക്കൾ തുരപ്പൻ കതിന വെച്ച് പൊളിച്ചു. ഇതറിഞ്ഞ ക്ഷണത്തിൽ റാണി, കൊട്ടാരത്തിൽനിന്ന് മൂടുപടം ധരിച്ച്, കയ്യിൽ വാളേന്തി, വിശ്വസ്തമായ കുറെ അനുചരന്മാരോടുകൂടി ആ സ്ഥലത്തോടിയെത്തി; അകത്തു കടക്കുവാൻ നോക്കുന്ന ശത്രുഭടന്മാരെ എതിർത്തു. അനേകം വേലക്കാരെ ഏർപ്പെടുത്തി, നേരം പുലരുന്നതിന് മുമ്പ് കോട്ടയുടെ കേടു തീർത്തു. ചാന്ദ്ബീബിയുടെ ഈ അസാധാരണമായ കർമ്മവ്യഗ്രത മുറാദിനെ അത്ഭുതപ്പെടുത്തി. അദ്ദേഹം

ബീബിക്കു് 'സുൽത്താൻ' എന്ന സ്ഥാനപ്പേർ കൊടുത്തു. ബീറാർ പ്രദേശം മുഗളക്കു കൊടുക്കാമെങ്കിൽ നിരോ-



ധനം പിൻവലിക്കാമെന്നു് മുറാദ് വാഗ്ദാനം ചെയ്തു. ബീബി ആ നിശ്ചയം സ്വീകരിച്ചു. മുറാദ് സൈന്യ

ത്തെ പിൻവലിച്ചു് മടങ്ങിപ്പോയി. അഹമ്മദ് നഗരത്തിലെ അന്തഃഛിദ്രങ്ങൾ ഇതുകൊണ്ടും അടങ്ങിയില്ല. ആ കാലത്തു് ബർഹാംപൂരിൽ പാളയമടിച്ചു് താമസിച്ചിരുന്ന അക്ബർ ചക്രവർത്തി, തന്റെ സാമ്രാജ്യം വിസ്തൃതമാക്കാൻ ഇതൊരു നല്ല തക്കമാണെന്നു് കണ്ടു്, മകൻ ദാനിയലിനേയും പ്രധാന സേനാധിപനേയും, ഒരു വലിയ സൈന്യത്തോടുകൂടി അഹമ്മദ് നഗരിലേക്കയച്ചു ഇത്ര ബലവാനായ ഒരു ശത്രുവിനോട്ട് പൊരുതി ജയിക്കുന്ന കാര്യം അസാധ്യമാണെന്നു കണ്ടു്, ചാന്ദ് ബീബി, സ്വാഭിമാനത്തിനും സ്വരാജ്യരക്ഷയ്ക്കും ഭംഗം വരാത്തവിധം, ദാനിയലുമായി ഒരു സന്ധിയിൽ ഏർപ്പെടാമെന്നു നിശ്ചയിച്ചു. ഈ വിവരം ഗൂഢമായി അറിഞ്ഞ ഡക്കാൻ പ്രഭുക്കന്മാർ, ചാന്ദ്ബീബി വലിയൊരു രാജ്യദ്രോഹത്തിനു് ഒരുമ്പെട്ടിരിക്കയാണു് എന്ന കുറ്റം ആരോപിച്ചു്, ആമഹതിയെ കൊലപ്പെടുത്തി. അങ്ങിനെ പ്രജകളുടെ ക്ഷേമത്തിനു് വേണ്ടി സർവ്വാത്മനാപ്രയത്നിക്കയും, സ്വരാജ്യത്തിന്റെ രക്ഷയ്ക്കു വേണ്ടി ഉത്തമ സേനാനായകനെപ്പോലും അതിശയിക്കുന്ന വീര്യത്തോടുകൂടി പടവെട്ടുകയും ചെയ്ത ആ ധീരതരുണി, കൃതഘ്നന്മാരായ സ്വജനങ്ങളാൽ വധിക്കപ്പെട്ടു. ഈ നീചകൃത്യത്തിന്റെ ഫലം അവർ ഉടനെ അനുഭവിച്ചു. അക്ബർ അഹമ്മദു് നഗരം കീഴടക്കി മുഗൾ സാമ്രാജ്യത്തോടുചേർത്തു.

---

# IV. രൺജിത്ത് സിംഹൻ

പഞ്ചാബ് പ്രവിശ്യയിൽ പെട്ട ഗുജറൻ വാലയിലെ ഒരു ഗ്രാമാധിപനായിരുന്ന മഹൻസിംഹന്റെ മകനാണ് രൺജിത്ത്സിംഹൻ. പൊരുതേണ്ട ദിക്കിൽ പോരും, വഴങ്ങേണ്ടിടത്ത് വഴക്കം, ഇണങ്ങേണ്ട ദിക്കിൽ ഇണക്കം, ഇങ്ങിനെ സന്ദർഭോചിതമായ നയങ്ങൾകൊണ്ടും സ്വപ്രയത്നംകൊണ്ടും ഉന്നതസ്ഥാനത്തെത്തിയ ഒരു മഹാനാണ് അദ്ദേഹം. പതിനെട്ടാംനൂററാണ്ടിന്റെ നാലാം പാദത്തിൽ പഞ്ചാബിലെ രാജ്യാധികാരം ഒരു ചിന്നിച്ചിതറിയ മട്ടിലായിരുന്നു. ചെറിയ ചെറിയ രാജ്യങ്ങളുടെ അധിപന്മാരായ സ്വാതന്ത്ര്യരാജാക്കന്മാർ അന്യോന്യം കലഹിച്ചുകൊണ്ടിരുന്നു. രാജ്യത്തിന്റെ പുറത്തു് നിന്നു് പ്രബലനായ അഫ്ഗാൻ രാജാവു് ഇടക്കിടെ അവിടങ്ങളിൽ ആക്രമണങ്ങൾ നടത്തിപോന്നു. ബ്രിട്ടീഷുഭരണാധികാരികൾ ബംഗാൾ മുഴുവൻ സ്വാധീനമാക്കിയശേഷം പടിഞ്ഞാട്ടു് കയറിക്കൊണ്ടിരുന്നു. ഇങ്ങിനെയുള്ള ഒരു ചുററുപാടിലാണു്, കേവലം ബാലനായിരുന്ന രൺജിത്ത് തൻെറ അച്ഛൻെറ മരണാനന്തരം സർദാറായത്. രൺജിത്തിന്നു് പ്രായപൂർത്തിയാകാത്തതുകൊണ്ടു് അമ്മയും, മന്ത്രി ലഖ്പതിറായിയും കൂടിയാണു് രാജ്യഭരണം നടത്തിവന്നതു. ബുദ്ധിമാനായ രൺജിത്ത് ഭരണകാര്യങ്ങൾ അറിയുന്നതിന്ന അന്നുതന്നെ

അതിയായ ഔത്സുക്യം പ്രദർശിപ്പിച്ചു. എന്നാൽ തക്കതായ പരിശീലനം ലഭിക്കുന്നതുവരെ കുട്ടി ഭരണകാര്യത്തിൽ തലയിടരുതെന്നായിരുന്ന അമ്മയുടേയും മന്ത്രിയുടെയും അഭിപ്രായം. റൺജിത്തിന് അതത്ര പിടിച്ചില്ല. തന്നെ സ്ഥാനഭ്രഷ്ടനാക്കാൻ അമ്മയും മന്ത്രിയും കൂടി ഗൂഢാലോചന നടത്തുന്നുണ്ടെന്ന് അദ്ദേഹത്തിന് സംശയം തോന്നി. അതുകൊണ്ട് ശ്വശ്രുവിന്റെയും (ഭാര്യയുടെ അമ്മ) അവരുടെ സ്വാധീനത്തിലുള്ള ഒരു സൈന്യത്തിന്റേയും സഹായത്തോടുകൂടി അമ്മയേയും മന്ത്രിയേയും അധികാരസ്ഥാനത്തുനിന്ന മാററി, താൻ തന്നെ ഭരണം ഏറെറടുത്തു. അന്നു മുതൽ അദ്ദേഹം രാജ്യം വിസ്തൃതമാക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചു തുടങ്ങി. അതിന്റെ പ്രാരംഭമായി പല ചെറിയ രാജ്യങ്ങളിലെയും രാജാക്കന്മാരെ അദ്ദേഹം സംഘടിപ്പിച്ചു്, താൻ അവരുടെ നേതാവായി.

അങ്ങിനെ ഇരിക്കെ 1798 ൽ അഫ്ഗാനിസ്ഥാനിലെ സുൽത്താൻ ഇന്ത്യയെ ആക്രമിച്ചു. ആക്രമികൾ ജലം നദിക്കിക്കരെ കടന്നു കൊള്ളയും കൊലയും നടത്തിക്കൊണ്ടിരിക്കെ, സ്വരാജ്യത്തു എന്തോ കുഴപ്പങ്ങൾ ഉണ്ടെന്നറിഞ്ഞു് ഉടനെ അങ്ങോട്ടുതിരിച്ചു. എന്നാൽ ജലം നദി കടക്കുമ്പോൾ, അവരുടെ വലിയ തോക്കുകൾ കയററിയിരുന്ന വള്ളങ്ങൾ നദിയിൽ ഉറച്ചുപോയി. സ്വരാജ്യത്തെത്താനുള്ള ബദ്ധപ്പാടിൽ അവക്കു തോക്കുകൾ അവിടെ ഇട്ടേച്ചു പോകേണ്ടിവന്നു. പ്രബലനായ

ആഫ്ഗാൻ സുൽത്താൻെറ സഖ്യം സമ്പാദിക്കാൻ ഇതൊരു തക്കമാണെന്നു് റൺജിത്ത് കണ്ടു. അദ്ദേഹം നദിയിൽപെട്ടുപോയ തോക്കുകൾ എടുപ്പിച്ചു സുൽത്താനയച്ചുകൊടുത്തു. സുൽത്താൻ റൺജിത്തിൻെറ ഔചിത്യബോധത്തെ അഭിനന്ദിച്ചു; അദ്ദേഹത്തിനു 'രാജാ' എന്ന സ്ഥാനവും ലാഹോർ ഭരിക്കാനുള്ള അധികാരവും കൊടുത്തു.

രാഷ്ട്രീയമായി വളരെ പ്രാധാന്യമുള്ള ലാഹോറിൻെറ ഭരണാധികാരം കിട്ടിയതിൽ റൺജിത്തു് വളരെ സന്തോഷിച്ചു. എന്നാൽ ആ അധികാരം പ്രയോഗിക്കുന്ന കാര്യത്തിൽ കുറെ വിഷമമുണ്ടായിരുന്നു. അക്കാലത്തു് ലാഹോർ കൈവശം വച്ചിരുന്നതു് മൂന്നു ശിഖപ്രമാണികളാണു്. അവരെ സ്വാധീനമാക്കുകയോ കീഴടക്കുകയോ വേണം. റൺജിത്ത്സിംഹനു് അതിനൊരു തരം കിട്ടി. അവിടത്തെ മുസ്ലീങ്ങൾക്കു് ആ ശിഖപ്രഭുക്കന്മാരുടെ ഭരണത്തിൽ തൃപ്തിയുണ്ടായിരുന്നില്ല. അതു മനസ്സിലാക്കിയ റൺജിത്തു്, അവരെ ഗൂഢമായി, കൂട്ടുപിടിച്ചു്, സൈന്യസമേതം കോട്ട പിടിക്കുവാൻ ചെന്നു. ഭരണാധികാരികളിൽ ഒരാളുടെ കാര്യസ്ഥൻതന്നെ കോട്ടവാതിൽ തുറന്നുകൊടുത്തു. അങ്ങിനെ, രക്തച്ചൊരിച്ചിലൊന്നും കൂടാതെ ലാഹോർ അദ്ദേഹം കൈവശപ്പെടുത്തി. അദ്ദേഹത്തിന്റെ ഭാവി ഭാഗ്യങ്ങളുടെ സൂചനയായിരുന്നു 1799-ൽ ഉണ്ടായ ഈ വിജയം. ഇതിനെ തുടന്നു് നാലു ഭാഗത്തുമുള്ള പ്രദേശങ്ങൾ ഓരോന്നായി അദ്ദേഹം പിടിച്ചടക്കി.

അങ്ങിനെ രൺജിത്സിംഹൻ ഒരു വലിയ രാജ്യവിഭാഗത്തിന്റെ മേധാവിയായിത്തീൎന്നു. 1801-ൽ അദ്ദേഹം ഒരു ഡർബാർ നടത്തി, താൻ പഞ്ചാബിലെ രാജാക്കന്മാരുടെയെല്ലാം മേൽകോയ്മയാണെന്ന കാൎയ്യം സ്ഥിരപ്പെടുത്തി.

രൺജിത്തിന്റെ വിജയം അവിടെ അവസാനിച്ചില്ല. ക്രമേണ കാശ്മീർ, മുൾട്ടാൻ, പെഷവാർ, സരാജത്ത്, അറോക്ക്—എന്നീ പ്രദേശങ്ങൾ അദ്ദേഹം കൈക്കലാക്കി. ഇപ്രകാരം അദ്ദേഹം ഒരു ചെറിയ ഉൾനാടിന്റെ അധിപൻ എന്ന നിലയിൽ നിന്നു ഒരു വലിയ പ്രവിശ്യയിലെ രാജാവ് എന്ന പദവിയിലെത്തി. രണധീരനും പരാക്രമിയുമായ അദ്ദേഹത്തെ ജനങ്ങൾ 'പഞ്ചാബിലെ സിംഹം' എന്നു വിളിച്ചു. ആ പേർ ചരിത്രപ്രസിദ്ധമാണു്.

രാജ്യം പിടിക്കുന്നതിലെന്നപോലെതന്നെ ഭരിക്കുന്നതിലും അദ്ദേഹം അതിസമൎത്ഥനായിരുന്നു. ജനസ്വാധീനതയും ഭരണനൈപുണ്യവും ഉള്ളവരെ കണ്ടറിഞ്ഞു് അദ്ദേഹം മന്ത്രിമാരായി നിയമിച്ചു; അതുപോലെതന്നെ ധൈൎയ്യവും വിശ്വസ്തതയും തികഞ്ഞവരെ പട്ടാളത്തിലേക്കു തിരഞ്ഞെടുത്തു. അവൎക്കു പരിശീലനം നൽകുവാൻ യുദ്ധതന്ത്രജ്ഞന്മാരായ യൂറോപ്യൻ ഉദ്യോഗസ്ഥന്മാരെ ഏൎപ്പെടുത്തി. വല്ല കാരണംകൊണ്ടും യൂറോപ്യൻ സേനയുമായി പൊരുതേണ്ടി വരുന്ന പക്ഷം പാശ്ചാത്യസമ്പ്രദായത്തിലുള്ള സമരമുറകൾ അറിയാതിരുന്നാൽ അപകടമാണെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാ

ല്യം പ്രധാന സേനാനായകന്മാരായി സ്വദേശികളെ ത്തന്നെയാണു് നിയമിച്ചിരുന്നതു്.

മതവിഷയത്തിൽ രൺജിത്ത്സിംഹൻ വിശാല ഹൃദയനും നയശാലിയുമായിരുന്നു. അതുകൊണ്ടു് ശിഖരും മുസ്ലീമുകളും അദ്ദേഹത്തെ ബഹുമാനിച്ചു. ഒരിക്കൽ ഒരു ഗ്രാമത്തിലെ ഏതാനും ശിഖർ, പുലർകാലത്തു് മുസ്ലീമുകൾ ബാങ്കുവിളിക്കുന്നതു തങ്ങൾക്കു വലിയ ശല്യമാണെന്നും, അതുകൊണ്ടു് ബാങ്കുവിളി നിർത്താൻ കല്പനകൊടുക്കണമെന്നും അപേക്ഷിച്ചു. "ബാങ്കുവിളിയുടെ ഉദ്ദേശം എല്ലാവരും നേരത്തെ ഉണൎന്നു് ഈശ്വരനെ പ്രാൎത്ഥിക്കണമെന്നാണു്. ആ 'തുകിലുണൎത്തൽ' നിങ്ങൾ നടത്താമെങ്കിൽ മുസൽമാന്മാരുടെ ബാങ്കുവിളി ഞാൻ നിർത്തിയേക്കാം." എന്നു മഹാരാജാവു അവൎക്കു മറുപടി നൽകി. ഇതു് കേട്ടപ്പോൾ ശിഖർ അവരുടെ സങ്കുചിതമനോഭാവത്തെക്കുറിച്ചു് ലജ്ജിക്കുകയും, ആവലാതി പിൻവലിക്കുകയും ചെയ്തു

പഞ്ചാബ് മുഴുവൻ തന്റെ അധീനത്തിലായിക്കഴിഞ്ഞപ്പോൾ സത്ലജ് നദിയുടെ കിഴക്കുള്ള ചെറുരാജ്യങ്ങൾകൂടി കീഴടക്കാനായി രൺജിത്തിന്റെ ശ്രമം. ഇതു കണ്ടു് ഭീതരായിത്തീൎന്ന അവിടങ്ങളിലെ രാജാക്കന്മാർ ഇംഗ്ലീഷുകാരോടു് സഹായത്തിനപേക്ഷിച്ചു. രൺജിത്ത് സിംഹന്റെ അധികാരപരിധി ഇങ്ങിനെ കിഴക്കോട്ടു് വ്യാപിക്കുന്നതു് ഇംഗ്ലീഷുകാൎക്കു ഇഷ്ടമല്ലായിരുന്നു. അതുകൊണ്ടു് നയകോവിദനായിരുന്ന ഇംഗ്ലീഷു ഗവൎണ്ണർ ജന

റൽ സർ ചാറൽസ് മെററ്കാഫിനെ മഹാരാജാവിന്റെ അടുക്കലേക്കയച്ചു. ഇംഗ്ലീഷുകാരുടെ ശത്രുത തനിക്കാ



പത്കരമാണെന്ന് രൺജിത്തിന്നറിയാമായിരുന്നു. അവരുമായി ഒരു മാന്യമായ സ്നേഹബന്ധത്തിലേർപ്പെടുന്നതിന്നു തനിക്കു സമ്മതമാണെന്ന് അദ്ദേഹം ഗവർണ്ണർ ജനറലിനെ അറിയിച്ചു. അതനുസരിച്ച്, പഞ്ചാബിന്നും ഇംഗ്ലീഷുകാരുടെ അധീനത്തിലുള്ള പ്രവിശ്യകൾക്കും

ഇടയിൽ കിടക്കുന്ന സ്വതന്ത്രരാജ്യങ്ങളെ ഉപദ്രവിക്കയി ല്ലെന്നു അദ്ദേഹം കരാർ ചെയ്തു. 1809-ൽ അമൃതസ രസ്സിൽവെച്ചു് നടന്ന ഈ സന്ധി റൺജിത്തിന്റെ ഭാവിശ്രേയസ്സിനു വലിയ സഹായമായിവന്നു.

റൺജിത്തു് ശക്തനും ശൂരനും എന്നപോലെതന്നെ ഒരു തികഞ്ഞ ഈശ്വരവിശ്വാസിയും വിനയശീലനും ആ യിരുന്നു. ഒരിക്കൽ അദ്ദേഹം അമൃതസർസ്സിലെ ഒരു ശിഖക്ഷേത്രത്തിൽ ദർശനത്തിനു് ചെന്നു. അവിടത്തെ പുരോഹിതപ്രധാനി, മഹാരാജാവു് മതനിയമങ്ങളെ ലംഘിച്ചിട്ടുണ്ടെന്നും, അതിനു പ്രായശ്ചിത്തം ചെയ്യാതെ അകത്തു് കടന്നുകൂടെന്നും ശഠിച്ചു. രാജാവു് പ്രായശ്ചി ത്തം ചെയ്യാൻ തയ്യാറാണെന്നു് പറഞ്ഞു. ക്ഷേത്രസന്നി ധിയിലുള്ള ഒരു വൃക്ഷത്തിൽ കെട്ടിയിട്ടു് രാജാവിനെ ഒരു നൂറടി അടിക്കണമെന്നു പുരോഹിതന്മാർ വിധിച്ചു. മഹാരാജാവു് സംശയം കൂടാതെ അതിനു വഴങ്ങിക്കൊ ടുത്തു. രാജാവിനെ വൃക്ഷത്തിൽ കെട്ടിയിട്ടു് അടിക്കാനുള്ള വട്ടമായി. അദ്ദേഹം ശാന്തനും വിനീതനുമായി നില്ക്കു ന്നതുകണ്ടിട്ടു് പുരോഹിതന്മാക്കു മനസ്സിളകി. അവർ ശിക്ഷ ഒന്നു മാററി, നൂറടിക്കു പകരം നൂറുരൂപാ പിഴ കൊടുത്താൽ മതി എന്നു തീർച്ചയാക്കി. ഈ സംഭവ ത്തിനുശേഷം റൺജിത്തു് മതസ്നേഹികൾക്കു് ഒരു ആരാ ധ്യപുരുഷനായി.

സാധാരണ ജനങ്ങൾക്കുപോലും കൌതുകം തോന്നു ക്കുന്ന ചില സ്വഭാവവിശേഷങ്ങൾ അദ്ദേഹത്തിനുണ്ടാ

യിരുന്നു. നീണ്ടതാടി വളരെ ഇഷ്ടമുള്ള ആളായിരുന്നു അദ്ദേഹം. അതുകൊണ്ടു് താടിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ലാഹോറിൽ വർഷംതോറും ഒരു താടിപ്രദർശനം നടത്തുകയും ഏററവും നല്ല താടിക്കാരനു് ഒരു സമ്മാനം കൊടുക്കുകയും പതിവായിരുന്നു.

മഹാരാജാവിൻെറ ഒരു കണ്ണു കുരുടായിരുന്നു: അദ്ദേഹം ലാഹോറിലെ തെരുവീഥികളിൽക്കൂടി ആനപ്പുറത്തു് എഴുന്നള്ളുമ്പോൾ വികൃതിക്കുട്ടികൾ, "ഒററക്കണ്ണൻ റൺജിത്തിസിംഹ് കീ ജൈ" എന്നു പറഞ്ഞു കളിയാക്കും. ഇതു കേൾക്കുമ്പോൾ അദ്ദേഹം രസിച്ചു ചിരിക്കുകയും കുട്ടികൾക്കു് പൊൻമോതിരങ്ങൾ ഇട്ടുകൊടുക്കുകയുമാണു് പതിവു്.

ഇങ്ങിനെ പലവിധത്തിലും അദ്ദേഹം പൊതുജനസ്നേഹം സമ്പാദിച്ചു.

രാജോചിതമായ ഐശ്വര്യവും യുദ്ധസാമർത്ഥ്യവും ഭരണനൈപുണ്യവും ക്ഷത്രിയ വീരന്മാരുടെ കൂട്ടത്തിൽ ഒരു ഉന്നതസ്ഥാനത്തിനു് അദ്ദേഹത്തെ അർഹനാക്കി. അതേ സമയത്തു്, സജ്ജനസഹജമായ ആസ്തിക്യബുദ്ധിയും വിശാല മനസ്കതയും വിനയശീലവും അദ്ദേഹത്തെ പൊതുജനങ്ങളുടെ കണ്ണിലുണ്ണിയുമാക്കി.

---

Printed at the Press Ramses Trivandrum.

SAHITHYA VILASINI LIBRARY
AYATHIL,
KILIKOLLOOR P. O.
QUILON.
SPORTS CLUB & G....

'ബാലസാഹിത്യവും' 'സാമാന്യവിജ്ഞാനവും' ഗ്രന്ഥ

## ബാലസാഹിത്യം: ഒന്നാം സോപാനം

1 ബുദ്ധൻ — എൻ. ഗോപാലപിള്ള
2 വടക്കൻപാട്ടിലെവീര കഥകൾ — ജി. ശങ്കരക്കുറുപ്പ്
3 നമ്മുടെ ഇൻഡ്യാ — മാത്യു എം. കുഴിവേലി
4 ഹിമവാന്റെ പുത്രികൾ — വൈലോപ്പിള്ളിൽ

### രണ്ടാം സോപാനം

5 അശോകൻ — പി. ദാമോദരൻപിള്ള
6 പഞ്ചതന്ത്രകഥകൾ — അമ്പാടി കാർത്ത്യായനിഅമ്മ
7 ഇംഗ്ലീഷുകാർ — എം. രാമകൃഷ്ണൻനായർ
8 ഞാൻ കണ്ട ഡെൽഹി — ജി. ശങ്കരപ്പിള്ള

### മൂന്നാം സോപാനം

9 മഹാത്മാ ഗാന്ധി — എൻ. ഭാർഗ്ഗവി
10 ജാതകകഥകൾ — വെണ്ണിക്കുളം
11 ചൈന — കെ. മുഹമ്മദലി
12 ശാസ്ത്രപാഠാവലി — ഡാക്ടർ ഭാസ്കരൻനായർ

### നാലാം സോപാനം

13 ടാഗോർ — എം. പി. അപ്പൻ
14 വീരചരിതകഥകൾ I — കെ. എം. വർഗ്ഗീസ്
15 ജപ്പാൻ — ജി. രാമനാഥയ്യർ
16 പള്ളിവാസൽ പദ്ധതി — കെ. സി. ചാക്കോ

### അഞ്ചാം സോപാനം

17 ശ്രീ ശങ്കരാചാര്യർ — ശൂരനാട്ട് കുഞ്ഞൻപിള്ള
18 ക്ഷേമസോപാനം — കെ. എസ്സ്. ലക്ഷ്മണപ്പണിക്കർ
19 വീരചരിതകഥകൾ II — വെള്ളാട്ടുകരുണാകരൻനായർ
20 അമേരിക്ക — പി. വി. ഉലഹന്നാൻമാപ്പിള

## സാമാന്യവിജ്ഞാനം

21 കേരളത്തിലെ നാടോടിപ്പാട്ടുകൾ — സി. ഐ. ഗോപാലപിള്ള
22 ആധുനികകൃഷിസമ്പ്രദായങ്ങൾ — കെ. എസ്സ്. നീലകണ്ഠം
23 ആരോഗ്യചര്യ — ഡാക്ടർ സി. ഒ. കരുണാകരൻ
24 സാധാരണസുഖക്കേടുകളും ഗാർഹികശുശ്രൂഷകളും — ഡാക്ടർ മുഹമ്മദലി
25 പൗരാവകാശവും ചുമതലകളും — എൻ. എം. പൈലി

COVER PRINTED AT THE GOVERNMENT CENTRAL PRESS